# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

## മലയാളം - കേരളപാഠാവലി

**ക്ലാസ് – X** **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം (4 x 1 = 4)**

**1.** “മനസി രുചിജനകം എന്റെ
ചിറകു മണികനകം ഇതുകൊ-
ണ്ടാകാ നീ ധനികൻ!”
(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഹംസത്തിന്റെ ഈ വാക്കുകളിൽ പ്രകടമാകുന്ന ഭാവം എന്ത്?

**A.** സ്വർണ്ണച്ചിറകുണ്ടെന്നുള്ള അഹങ്കാരം
**B.** രാജാവ് ധനമോഹിയാണെന്ന പരിഹാസം
**C.** ചിറകു നഷ്ടമാകുന്നതിന്റെ സങ്കടം
**D.** രാജാവിനോടുള്ള ബഹുമാനം

**2.** “കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും”

കാവ്യസന്ദർഭത്തിൽ ‘കർണ്ണസുഖ’ത്തിന്റെ ശരിയായ വിഗ്രഹാർഥം ഏതാണ്?

**A.** കർണ്ണത്തിനു സുഖം നൽകുന്നത്
**B.** കർണ്ണത്താലുള്ള സുഖം
**C.** കർണ്ണമാകുന്ന സുഖം
**D.** കർണ്ണവും സുഖവും

© State Assessment Cell - SCERT Kerala

**3.** ഒരു മഹാവൃക്ഷത്തിന്റെ കീഴിലെ <u>വേരുപടർപ്പുകൾക്കിടയിൽ ഗർഭപാത്രത്തിലെന്ന പോലെ</u> ചുരുണ്ടുകിടന്ന് തളർന്നുറങ്ങുന്ന കുഞ്ഞുയൂസഫിൽ ഈ സിനിമ അവസാനിക്കുന്നു അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന അർഥമെന്ത്?

- **A.** കാടിനുള്ളിലെ ഭീകരത
- **B.** വൃക്ഷം നൽകുന്ന തണൽ
- **C.** കാടു നൽകുന്ന ആനന്ദം
- **D.** പ്രകൃതി നൽകുന്ന സുരക്ഷിതത്വം

**4.** ചുവടെ നൽകിയിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

i. പച്ചക്കറിക്കട – പച്ചക്കറി, കട
ii. ഉദ്യോഗമില്ല – ഉദ്യോഗ, മില്ല

- **A.** (i) മാത്രം ശരിയാണ്
- **B.** (ii) മാത്രം ശരിയാണ്
- **C.** എല്ലാം ശരിയാണ്
- **D.** എല്ലാം തെറ്റാണ്

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

**3 സ്കോർ വീതം (3 x 3 = 9)**

**5.** "മന്നവ! കേൾക്ക ഭരദ്വാജനന്ദന-
നിന്നുള്ള യോദ്ധാക്കളിൽ പ്രബലാധിപൻ
പിന്നെ ഞാൻ പക്ഷേ ഭരിക്കുന്നതുമുണ്ടു,
മന്നവ! സങ്കടമുണ്ടാകയില്ലേതും."

(കഥകളതിമോഹനം)

സന്ദർഭം വിശകലനം ചെയ്തു കർണന്റെ സ്വഭാവസവിശേഷതകൾ കുറിക്കുക.

**6.** ഹംസം : ചെറുതും പിഴചെയ്യാതോരെന്നെക്കൊന്നാൽ ബഹു-
ദുരിതമുണ്ടു തവ ഭൂപതേ!
..........................
നളൻ : അറിക ഹംസമേ, അരുതു പരിദേവിതം;
വിരസഭാവമില്ലാ നിന്നിൽ മേ;
ദേഹമനുപമിതം കാണ്മാൻ മോഹഭരമുദിതം

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ആട്ടക്കഥാഭാഗം ഗദ്യരൂപത്തിലുള്ള സംഭാഷണമാക്കി മാറ്റിയെഴുതുക.

**7. (A)** "എന്റെ മാതൃഭാഷ കന്നഡയാണ്. അതു പഠിക്കുകതന്നെ വേണമോ എന്ന ചോദ്യം എന്റെ ജീവിതത്തിൽ വന്നതേയില്ല. മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി, സരളമായി ഞാനതു പഠിച്ചു."

(പ്രകാശ് രാജ്)

© State Assessment Cell - SCERT Kerala

മാതൃഭാഷാപഠനത്തെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

**(B)** താഴെക്കൊടുത്ത കഥാസന്ദർഭത്തിന് യോജിച്ച ചിഹ്നങ്ങൾ ചേർത്തെഴുതുക.

പത്രുസ്വാമി ചോദിച്ചു
ഉനക്ക് എന്ന വേണം
വെങ്കടേശൻ പറഞ്ഞു
ചീഫ് റിപ്പോർട്ടറാകണം (റസിഡന്റ് എഡിറ്റർ)

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**5 സ്കോർ വീതം (4 x 5 = 20)**

© State Assessment Cell - SCERT Kerala

**8.** 'എന്റെ മനസ്സിന്റെ
ഖജനാവിൽത്തന്നെ
ഇരിക്കുകയാണെങ്കിൽ
ആ തമാശ
വളിക്കും, പുളിക്കും, ചീയും.

അതിനാൽ
ഞാനത്
നൂറ്റമ്പത് പേർക്ക് വിതരണം ചെയ്തു'.

(അന്നന്നത്തെ മോക്ഷം)

പരിഹാസ്യമായിത്തീരുന്ന വർത്തമാനകാല നവമാധ്യമജീവിതത്തോടുള്ള ശക്തമായ വിമർശനമാണോ കവിതാഭാഗത്ത് തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണം കുറിക്കുക.

**9.** ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

എല്ലാ കലകളും സമ്പൂർണ്ണമാകുന്നത് ആസ്വാദനപക്ഷത്ത് അനുഭൂതി പകർന്ന് അനുവാചകരിലെത്തുമ്പോഴാണ്. ഓരോ കലയ്ക്കുമനുസരിച്ച് ആസ്വാദനരീതിയും ആസ്വാദകരുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കും. ചലച്ചിത്രാസ്വാദനത്തെപ്പറ്റിയുള്ള ബർഗ്മാന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. 'സിനിമ ആസ്വാദകന്റെ ധിഷണയെ മാറ്റിനിർത്തി ഭാവനയെ സ്വാധീനിക്കുകയും അതുവഴി വൈകാരികാനുഭൂതിയെ കീഴടക്കുകയും ചെയ്യുന്നു.'
ഇതരകലകളുമായി താരതമ്യപ്പെടുത്തുമ്പോൾ പൊതുവെ (നാടകം, സംഗീതം, നൃത്തം തുടങ്ങിയവ) സിനിമയുടെ നിർമ്മാണച്ചെലവ് ഭാരിച്ചതാണ്. അതുകൊണ്ടുതന്നെ സിനിമയുടെ നിർമ്മാണത്തിൽ കലയോടൊപ്പം വ്യവസായത്തിന്റെയും ഘടകങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. വ്യവസായത്തിന് പ്രാമുഖ്യം കൊടുക്കുന്ന സിനിമകളിൽ വിനോദത്തിനുള്ള ഉപാധികൾ ഏറെയാണ് ഉൾപ്പെടുത്തുന്നത്. വിനോദോപാധികൾ ഏറെയുള്ള സിനിമ ആസ്വദിക്കുവാൻ പരിശീലനം ആവശ്യമില്ലെന്നു വാദിക്കുന്നവരുണ്ട്. എന്നാൽ ഇതര കലകൾപോലെയോ അതിലധികമോ ആസ്വാദനപരിശീലനം ആവശ്യപ്പെടുന്ന കലയാണ് സിനിമ. പരിശീലനം സിദ്ധിക്കാത്തവർക്കും സിനിമയെന്ന കല സാമാന്യമായി

ആസ്വദിക്കാമെന്നുള്ളത് ആ കലയുടെ സവിശേഷതയാണ്. പരിശീലനം സിദ്ധിച്ചവർക്കേ അതിൽ ലീനമായിരിക്കുന്ന ചലച്ചിത്രബിംബങ്ങൾ, ദൃശ്യസൂചനകൾ, അവതരണത്തിൽ ഉൾച്ചേർത്തിരിക്കുന്ന ധ്വനിസൂചനകൾ, സംഭാഷണങ്ങൾ, അർഥവത്തായ മൗനങ്ങൾ എന്നിവ മനസ്സിലാകൂ...

i. ചലച്ചിത്രാസ്വാദനത്തെപ്പറ്റിയുള്ള ബർഗ്മാന്റെ നിരീക്ഷണം എന്താണ്? (1 സ്കോർ)

ii. സിനിമയുടെ ആസ്വാദന പരിശീലനത്തെക്കുറിച്ച് നിലനിൽക്കുന്ന രണ്ടു വാദങ്ങൾ ഏതെല്ലാം? (2 സ്കോർ)

iii. സിനിമാസ്വാദനത്തിൽ പരിശീലനം സിദ്ധിച്ചവർക്ക് പരിശീലനം ലഭിക്കാത്തവരിൽ നിന്നുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? (2 സ്കോർ)

**10.** ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ ബഹാദുർ ശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു. പത്രസ്വാമിക്കു ബഹുസന്തോഷമായി.

(റസിഡന്റ് എഡിറ്റർ)

"പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്."

(സാമുവൽ ബട്ലർ)

സാമുവൽ ബട്ലറുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കഥാസന്ദർഭത്തെയും സമകാലിക മാധ്യമങ്ങളെയും വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**11. (A)** • അമ്മ മമ്മിയായന്നേ
മരിച്ചു മലയാളം
ഇന്നുള്ളതിൻ
ഡാഡീജഡമാം 'മലയാലം'

(കുഞ്ഞുണ്ണി മാഷ് )

• ഇളയച്ഛൻ, ഇളയമ്മ, വല്യച്ഛൻ, അമ്മാമൻ - ഇങ്ങനെ കൂട്ടുകുടുംബമായി ജീവിക്കുന്ന നമ്മുടെ സംസ്കാരത്തിൽ ഇല്ലാത്ത ഭാഷയെ ഒരു ചോദ്യംപോലും ചോദിക്കാതെ നമ്മുടെ വീട്ടിൽ അനുവദിച്ചതുകൊണ്ട് നമ്മുടെ ബന്ധങ്ങളെല്ലാം 'അങ്കിളും ആന്റിയും' ആയിത്തീർന്നിരിക്കുന്നു.

(പ്രകാശ് രാജ്)

മാതൃഭാഷയെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും കാഴ്ചപ്പാടുകൾ താരതമ്യംചെയ്തു കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** ഹംസം : വിവശം നിരവലംബം മമ കുടുംബവുമിനി

• ജനകൻ മരിച്ചുപോയി, തനയൻ ഞാനൊരുത്തനെൻ-
ജനനി തന്റെ ദശയിങ്ങനെ;

• അയ്യോ! ഗുണവുമനവധി ദോഷമായിതു.

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

© State Assessment Cell - SCERT Kerala

സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് ഹംസം എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**7 സ്കോർ (1 x 7 = 7)**

**12. (A)**
- "നെഞ്ചം തെളിഞ്ഞു കുറുക്കിക്കൊഴുത്ത പാൽ
പഞ്ചതാരപ്പൊടി കൂട്ടിക്കുഴമ്പാക്കി
നല്ല കദളിപ്പഴങ്ങൾ തിരഞ്ഞു ഞാൻ
മെല്ലെത്തിരുമ്മിയുടച്ചു തേനും വീഴ്ത്തി"
- "ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ."

സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'എഴുത്തച്ഛന്റെ രചനകളുടെ സവിശേഷതകൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അക്ഷരമാല**

അക്കാണും മരമെന്തമ്മേ?
അക്ഷരമരമാണെൻ കുഞ്ഞേ
അക്ഷരമെന്നാലെന്തമ്മേ?
അറിവിൻ കനിയുടെ കരുവാണ്
കണ്ണുകൾ നിറയെ കാണുക നീ
ഉള്ളു തുറന്നു നിറയ്ക്കുക നീ
കതിരോൻ നിന്റെ തുണയ്ക്കുണ്ട്
കുഞ്ഞാറ്റകളുടെ കൂട്ടുണ്ട്
കുഞ്ഞാറുകളുടെ പാട്ടുണ്ട്
കുഞ്ഞലയായ് ചെറുകാറ്റുണ്ട്
കൂട്ടും പാട്ടും കൂട്ടവുമോരോ -
കൂട്ടക്ഷരമായ് കൂമ്പുന്നു- നാം
കൂട്ടക്ഷരമായ് വിരിയുന്നു
പലവിധ ശാഖകൾ വീശുന്നു
പുതുനറുനാമ്പുകൾ നീളുന്നു
ആമരമടിമുടി പൂക്കുന്നു
അക്ഷരവിരുതിൻ വിളയാട്ടം

(കടമ്മനിട്ട രാമകൃഷ്ണൻ)

© State Assessment Cell - SCERT Kerala